**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **01-02-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠപുസ്തകം മാറ്റുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകങ്ങൾ മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | സംസ്ഥാനത്ത് സ്കൂൾ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്, വിപുലമായ ജനകീയ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിലപാട് രേഖകളുടെയും പ്രസ്തുത നിലപാട് രേഖകളുടെ തുടർച്ചയായി രൂപപ്പെടുത്തിയ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023ന്റെയും അടിസ്ഥാനത്തിലാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പരിഷ്കരിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് മാറ്റാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | പാഠപുസ്തക പരിഷ്കരണം രണ്ടു ഘട്ടങ്ങളായി പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ പ്രീപ്രൈമറി, 1, 3,5,7,9 ക്ലാസുകളിലെ പാഠപുസ്തകങ്ങളും രണ്ടാംഘട്ടത്തിൽ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങളും ആണ് പരിഷ്കരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2024 – 25 അധ്യയന വർഷം മുതൽ നിലവിൽ വരുന്നതാണ്. രണ്ടാംഘട്ടത്തിൽ തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ 2025-26 അധ്യയന വർഷം മുതൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നതാണ്. |
| (സി) | ഏതു സാഹചര്യത്തിലാണ് പാഠപുസ്തകങ്ങൾ മാറ്റാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ? | (സി) | കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം നടന്നത് 2007ലെ കേരള പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിലാണ്. 2013ൽ തയ്യാറാക്കിയ വിദ്യാഭ്യാസ നയരേഖയുടെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിലെ ഉള്ളടക്കത്തിൽ മാറ്റം വരുത്തിയിരുന്നുവെങ്കിലും അടിസ്ഥാന സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടായിരുന്നില്ല. അതായത്, കേരളത്തിൽ സമഗ്രമായ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം ഒന്നര പതിറ്റാണ്ട് പിന്നിടുകയാണ്. ഇക്കാലയളവിൽ വൈജ്ഞാനിക രംഗത്തും ആധുനിക സാങ്കേതിക രംഗത്തും അറിവിന്റെ നാനാമേഖലകളിലും ഉണ്ടായ വളർച്ചയും വികാസവും പരിഗണിച്ചാണ് പാഠ്യപദ്ധതി |

| | | | |
|---|---|---|---|
| | | | പരിഷ്കരണം നടപ്പാക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം, പരിസരശുചിത്വം, മാലിന്യ പ്രശ്നം, പ്രകൃതിദുരന്തങ്ങൾ പോലുള്ള വർത്തമാനകാല യാഥാർത്ഥ്യങ്ങളും പാഠ്യപദ്ധതി പരിഷ്കരണത്തിൽ പരിഗണിക്കുന്നു.<br>പുരോഗമനപരമായ നിലപാട് സ്വീകരിക്കുന്ന, മതനിരപേക്ഷ ജനാധിപത്യ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സമൂഹത്തെ രൂപപ്പെടുത്തുക എന്ന കാഴ്ചപ്പാടാണ് പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ മുന്നോട്ടുവയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ